# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4049** **18.10.2011 ൽ മറുപടിക്ക്**

<u>സ്വകാര്യ പങ്കാളിത്തത്തോടെയുള്ള റോഡ് നിർമ്മാണം</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എ. അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത്വകുപ്പു മന്ത്രി) |
| (എ) റോഡ് നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും സ്വകാര്യ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) കേരള റോഡ് ഫണ്ട് ബോർഡ് നടപ്പാക്കിവരുന്നത് തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയാണ്. ബി.ഒ.റ്റി. - ആന്വിറ്റി അടിസ്ഥാനത്തിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളിൽ 15 വർഷത്തെ പരിപാലനവും കൂടി ഉൾപ്പെട്ട ഒരു കരാറാണ് കൺസഷണറുമായി ഒപ്പുവയ്ക്കുന്നത്. |
| (സി) ബി.ഒ.ടി. അടിസ്ഥാനത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) ബി.ഒ.റ്റി അടിസ്ഥാനത്തിൽ കോഴിക്കോട്ടെയും കൊച്ചിയിലെയും നഗര റോഡു വികസന പദ്ധതികളാണ് അടുത്തതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ